**C 82186** (Pages : 3) Name..............................

Reg. No..............................

# SECOND SEMESTER B.A. DEGREE (SUPPLEMENTARY/IMPROVEMENT) EXAMINATION, APRIL/MAY 2015

(UG-CCSS)

Core Course—Malayalam

MA 2B 02—**കഥാസാഹിത്യം**

(2011 Admission onwards)

Time : Three Hours Maximum : 30 Weightage

I. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോന്നിൻെറയും മൂല്യം (വെയിറ്റേജ് ) ¼ :

(A) ബ്രാക്കറ്റിൽനിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക :

1 കുന്ദലത എന്ന നോവൽ എഴുതിയത് :

(ചന്തുമേനോൻ, അപ്പുനെടുങ്ങാടി, പോത്തേരി കുഞ്ഞമ്പു, മൂർക്കോത്ത് കുമാരൻ.)

2 ദുർഗേശനന്ദിനി ഏതു ഭാഷയിലെ നോവലാണ് ?

(മലയാളം, തമിഴ്, ബംഗാളി, ഹിന്ദി.)

3 സക്കറിയയുടെ ജന്മദേശം :

(നായത്തോട്, ഉരുളികുന്നം, കോഴിക്കോട്, കൂടല്ലൂർ.)

4 വാസനാവികൃതി പ്രസിദ്ധീകരിച്ച വർഷം :

(1889, 1890, 1891, 1892.)

(B) പൂരിപ്പിക്കുക :

5 ———— ൻെറ മുന്നോടിയായ സാഹിത്യരൂപമാണ് 'റൊമാൻസ് '.

6 പ്രപഞ്ചത്തിൻെറ അവശിഷ്ടങ്ങൾ എന്ന കഥയിലെ കേന്ദ്രകഥാപാത്രം ഒരു ———— ആണ്.

7 ———— ആണ് നോവൽ സാഹിത്യം എഴുതിയത്.

8 ഡോ. ഹെർമൻ ഗുണ്ടർട്ട് തലശ്ശേരിയിൽനിന്ന് പ്രസിദ്ധീകരിച്ച പത്രങ്ങളാണ് 'പശ്ചിമോദയം', ———— എന്നിവ.

(C) ഒറ്റ വാക്കിൽ ഉത്തരമെഴുതുക :

9 'കുറുപ്പില്ലാക്കളരി' എന്ന പ്രഹസനം എഴുതിയതാര് ?

10 അതിരാണിപ്പാടത്തിൻെറ കഥ പറയുന്ന മലയാള നോവൽ.

11 'കേസരി' എന്ന തൂലികാ നാമത്തിൽ അറിയപ്പെട്ടിരുന്ന കഥാകൃത്ത്.

12 'ചെറുകഥ ഇന്നലെ ഇന്ന് ' എന്ന കൃതിയുടെ കർത്താവ്.

(12 × ¼ = 3 weightage)

Turn over

II. താഴെ കൊടുത്തിരിക്കുന്ന **എല്ലാ** ചോദ്യങ്ങൾക്കും ലഘു ഉത്തരമെഴുതുക. ഓരോന്നിൻെറയും മൂല്യം (വെയിറ്റേജ് ) 1 :

13 ധർമ്മരാജായിലെ **രണ്ടു** കല്പിത കഥാപാത്രങ്ങളുടെ പേരെഴുതുക.

14 "ഈ വാക്കുകൾ കേട്ടപ്പോൾ രാമൻമേനോൻെറ ഹൃദയം ഇടിവെട്ടുപോലെ പൊട്ടി ദഹിച്ചുപോയി എന്നുതന്നെ പറയാം"—ഏതു വാക്കുകൾ ?

15 ലൂസിയെ കൂട്ടുകാർ 'പിരിലൂസ് ' എന്നു വിളിച്ചിരുന്നത് എന്തുകൊണ്ട് ?

16 "രാജശിക്ഷ അനുഭവിച്ചിട്ടുള്ളതിൽ എന്നെപ്പോലെ ഭാഗ്യഹീനൻമാരായി മറ്റാരും ഇങ്ങനെ ഉണ്ടായിട്ടില്ല"—ആരാണിതു പറയുന്നത് ? ഏതു സന്ദർഭത്തിൽ ?

17 'ഭർത്താവുണ്ടോ ?' എന്ന എന്യൂമറേറ്ററുടെ ചോദ്യത്തിന് നളിനി പറഞ്ഞ മറുപടി എന്ത് ?

18 കുന്നത്ത് കുട്ടൻനായരുടെ സ്വഭാവവൈകൃതത്തിന് കഥാകൃത്ത് നൽകുന്ന വിശദീകരണമെന്ത് ?

19 നേതാവിനെ കാണാൻവന്ന കുഞ്ഞാത്തലമ്മ നിന്നതെങ്ങനെ ?

20 പത്തിരുപത്തൊന്നു വയസ്സായ ഒരാണൊരുത്തനാണേ, സുകൃതക്ഷയം–സുകൃതക്ഷയം—ആര് ആരെപ്പറ്റി പറയുന്നതാണിത് ?

21 തുണി ചായം കൊടുക്കുന്നതിനു പകരം ഇവിടെ മരണമാണോ നടക്കുന്നത്—ഇങ്ങനെ വിചാരിക്കാനുള്ള സാഹചര്യമേത് ?

(9 × 1 = 9 weightage)

III. ഏതെങ്കിലും **അഞ്ചു** ചോദ്യത്തിന് ഓരോ ഖണ്ഡികയിൽ ഉത്തരമെഴുതുക. ഓരോന്നിൻെറയും മൂല്യം (വെയിറ്റേജ് ) 2 :

22 "ആ അടിച്ച കൈ വാഴട്ടെ ! ഇന്ന് നിങ്ങൾ എൻെറ തലയിൽ കുളം തോണ്ടി-നാളെയൊരു കാലത്ത് ഇവിടംതന്നെ കുളംകോരിപ്പോകാം"—ഇതാരുടെ വാക്കുകൾ ? സന്ദർഭം ?

23 "ഏൻ ചെക്കന് എങ്ങും പെണ്ണു കിട്ടീല്ലെങ്കിലും ഈ പെണ്ണിനെ വേണ്ട"—ആശയവും സന്ദർഭവും വ്യക്തമാക്കുക.

24 കുട്ടപ്പച്ചെട്ടിയാരുടെ മാജിക് പ്രകടനത്തെക്കുറിച്ച് ഒരു കുറിപ്പെഴുതുക.

25 "എല്ലാർക്കും ഞാനിവിടൊള്ളത് വല്യ പ്രയാസം. ചാകാതൊക്കുമോ"—ആരുടെ വാക്കുകൾ ? സന്ദർഭം വിശദീകരിക്കുക.

26 "ഇതാണ് ലോകം. ഇതാണെൻെറ ലോകം-ഇതുമാത്രം. വേറേ ലോകമില്ല"—ആരാണിങ്ങനെ കരുതുന്നത് ? ഏതു സന്ദർഭത്തിൽ ?

27 പയ്യൻ വിഭവസമൃദ്ധിയിൽ ലഞ്ച് തരപ്പെടുത്തിയതെങ്ങനെ ?

28 "തൻെറ ജീവിതത്തിലേക്ക് എരിഞ്ഞിപ്പൂവിൻെറ സുഗന്ധവുംകൊണ്ടാണ് അവൾ കടന്നുവന്നത്"—ആര് ? അവൾക്ക് എന്തു സംഭവിച്ചു ?

(5 × 2 = 10 weightage)

IV. ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉപന്യാസം തയ്യാറാക്കുക. ഓരോന്നിൻെറയും മൂല്യം (വെയിറ്റേജ് ) 4 :

29 കുട്ടനാട്ടിലെ കർഷക ജീവിതത്തിൻെറ ചരിത്രം രണ്ടിടങ്ങഴിയിൽ രേഖപ്പെടുത്തിയിരിക്കുന്നതെങ്ങനെയെന്ന് പരിശോധിക്കുക.

30 ആധുനികാനന്തര ചെറുകഥയുടെ സവിശേഷതകൾ വി.പി. ശിവകുമാർ, സി.വി. ബാലകൃഷ്ണൻ, സന്തോഷ് ഏച്ചിക്കാനം എന്നിവരുടെ രചനകളെ മുൻനിർത്തി പഠന വിധേയമാക്കുക.

31 ഭാഷയുടെ പ്രത്യേകതകൾകൊണ്ട് ഏറെ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ് സി.വി. കൃതികൾ. 'ധർമ്മരാജാ'യിൽ ഈ പ്രത്യേകതകൾ എത്രത്തോളമുണ്ടെന്ന് കണ്ടെത്തുക.

(2 × 4 = 8 weightage)